# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# എളവള്ളി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട്

**2024-2025**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**
**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA TSR (P4)1005/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 04/10/2025
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എളവള്ളി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)

ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശൂർ.

3) കാര്യാലയ പകർപ്പ്.

നമ്പർ: KSA TSR (P4)1005/25 തീയ്യതി: 04/10/2025

# തൃശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-10-2024 മുതൽ 30-06-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 14-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

## ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റഫി ജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 04-07-2025 | 14-07-2025 |

## ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-07-2025 | 14-07-2025 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പ്രശാന്ത് ടി. ജി., ഓഡിറ്റ് ഓഫീസർ
സുനിൽ കുമാർ കെ. സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുമ വി. കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ബിന്ദു സി. വി., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജിയോഫോക്സ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| തോമസ് അലിയാസ് രാജൻ | സെക്രട്ടറി | 01-04-2024 | 04-09-2024 |
| ജിൻസി ടി. ഐ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-09-2024 | 17-09-2024 |
| തോമസ് അലിയാസ് രാജൻ | സെക്രട്ടറി | 18-09-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മാത്യു ആൻഡ്രൂസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 30-04-2024 |
| ഷീബ കെ. പി | അസിസ്റ്റന്റ് സെക്രട്ടറി (ഇൻ-ചാർജ്) | 01-05-2024 | 31-05-2024 |

| | | | |
|---|---|---|---|
| സീജ സി. എസ് | അസിസ്റ്റന്റ് സെക്രട്ടറി (ഇൻ-ചാർജ്) | 01-06-2024 | 10-07-2024 |
| ജിൻസി ടി. ഐ | അസിസ്റ്റന്റ് സെക്രട്ടറി | 11-07-2024 | 29-09-2024 |
| രശ്മി സി. എസ് | അസിസ്റ്റന്റ് സെക്രട്ടറി | 30-09-2024 | 31-03-2025 |
| രാഗേഷ് സി. ആർ | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. അജോഷ് തമ്പി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2024 | 31-03-2025 |
| ഡോ. ഷാമില വി. എം | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2024 | 31-03-2025 |
| ഡോ. അർച്ചന അശോക് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 13-12-2024 |
| ഡോ. ഷിജി ടി. എ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 14-12-2024 | 31-03-2025 |
| ഡോ. അജിത് കുമാർ | വെറ്ററിനറി സർജ്ജൻ | 01-04-2024 | 31-03-2025 |
| വിജിത കെ. വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 20-11-2024 |
| ഷൈനി പി. ജെ | അസിസ്റ്റന്റ് എഞ്ചിനീയർ (ഇൻ-ചാർജ്) | 21-11-2024 | 06-12-2024 |
| വിജിത കെ. വി | അസിസ്റ്റന്റ് എഞ്ചിനീയർ | 07-12-2024 | 31-03-2025 |
| ലിൻഷ എം | വി ഇ ഒ (ബ്രഹ്മകുളം സർക്കിൾ) | 01-04-2024 | 31-03-2025 |
| പ്രകാശ് ടി | വി ഇ ഒ (വാക സർക്കിൾ) | 01-04-2024 | 31-03-2025 |
| മീര മോഹനൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| സജീന്ദ്രമോഹൻ കെ | ഹെഡ്മാസ്റ്റർ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| മോനിഷ എം. എം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-1 |
| 3 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി. | 1-1-2 |
| 4 | ഇൻവെസ്റ്റ്മന്റ് ശീർഷകത്തിൽ അധിക നീക്കിയിരിപ്പ് | 1-1-3 |
| 5 | ലഭ്യത സംശയാസ്പദമായ തുകയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽ കൂട്ടിയിട്ടില്ല | 1-1-5 |
| 7 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-8 |
| 10 | ജേർണൽ വൗച്ചറുകൾ സംബന്ധിച്ച അപാകങ്ങൾ | 1-1-9 |
| 11 | വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | ഫണ്ട് വിനിയോഗം | 1-3 |
| 15 | പദ്ധതി അവലോകനം | 1-4 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 17 | ക്ഷേമ പദ്ധതികൾ | 1-6 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 20 | കളക്ഷൻ തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വന്നില്ല | 1-9 |

| | | |
|---|---|---|
| 21 | പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ടർഫിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല | 1-10 |
| 22 | പരിഷ്കരിച്ച നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-11 |
| 23 | കള്ളുഷാപ്പുകളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 24 | കടമുറികളുടെ വാടക കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-13 |
| 25 | വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുന്നു | 1-14 |
| 26 | വാഹനപരിപാലനം -അപാകങ്ങൾ | 1-15 |
| 27 | പദ്ധതി മോണിട്ടറിംഗ്- യാത്രാചെലവുകൾക്കായി നിർവ്വഹണ ഉദ്യോഗസ്ഥൻ ചെലവഴിച്ച തുക തിരിച്ചടച്ചു | 1-16 |
| 28 | സമേതം പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ | 1-17 |
| 29 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-18 |
| 30 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതാണ്. | 1-19 |
| 31 | പകൽവീട് കുടിവെള്ള പദ്ധതി- പൂർത്തീകരണവിവരങ്ങൾ നൽകേണ്ടതാണ് | 1-20 |
| 32 | ഹരിതകർമ്മസേനയ്ക്ക് വാഹനം- വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-21 |
| 33 | ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-22 |
| 34 | മാനത്തിൽ റോഡ് അറ്റകുറ്റപ്പണി | 1-23 |
| 35 | പ്രീകാസ്റ്റ് കോൺക്രീറ്റ് പേവർ ബ്ലോക്ക് ഉപയോഗിച്ചുള്ള പ്രവൃത്തികൾ- സർക്കാർ നിർദ്ദേശാനുസരണമുള്ള ഡിഫക്ട് ലയബിലിറ്റി കാലയളവ് ഉറപ്പാക്കുന്നില്ല | 1-24 |
| 36 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - വിദഗ്ദ തൊഴിലാളികളുടെ മസ്റ്റർ റോൾ സാക്ഷ്യപ്പെടുത്തുന്നില്ല | 1-25 |
| 37 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - അധിക തുക നൽകി | 1-26 |
| 38 | ജലജീവൻ മിഷൻ - അവലോകനം | 1-27 |
| 39 | ഹെൽത്ത് ഗ്രാന്റ് -അവലോകനം | 1-28 |
| 40 | ബാങ്കിൽ നിക്ഷേപിച്ച് ആറ് മാസത്തിന് മുകളിലായിട്ടും തുക ക്രെഡിറ്റ് ആയില്ല | 1-29 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

| | | |
|---|---|---|
| 1 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - അധിക തുക നൽകി | 3-1 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രിമീയം - ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു വേണ്ടി ഓഡിറ്റ് വർഷം ലഭിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കി നിൽക്കുന്നവയുടെ വിവരം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിം എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങ നിർദ്ദേശങ്ങളും അനുസരിച്ച് 11.06.2025 തീയതിയിലെ 6(1) നമ്പർ കമ്മിറ്റി തീ തയ്യാറാക്കി 20.06.2025 തീയതിയിൽ പിന്തുണക്കുന്ന രേ സമർപ്പിക്കപ്പെട്ടിട്ടുള്ള എളവള്ളി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 20 വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷ സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&A പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗന അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ള പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പ എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കു പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ട ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും ( മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീക അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫ ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീക അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾ ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾ എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷ പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക ( സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി :04.10.2025**

## 1-1-1 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷക ചെലവ് ബുക്ക് ചെയ്തില്ല

2024-25 വർഷത്തിൽ വിവിധ നിർവ്വഹണ ഏജൻസികളിൽ തുകകൾ ചെയ്തിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് രേഖപ്പെടുത്തുകയും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുമ്പോൾ മാത്രം അ ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം മുൻകൂർ നൽകിയ ഇടപാട് റവന്യ ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മാത്രമല്ല, മുൻകൂ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. വിശദാംശം താഴെ ചേർ

| ക്രമ നമ്പർ | പ്രൊജക്ട് നമ്പറും/ പേരും | തുക | വൗച്ചർ നമ്പർ/ തീയതി | ചെലവ് ബുക്ക് ചെയ്ത ശീർഷകം | നിർവ്വഹ ഏജൻസ |
|---|---|---|---|---|---|
| 1 | 289/24 – മാനത്തിൽ റോഡ് അറ്റകുറ്റപ്പണി | 20,00,000 | 42402092/ 12.12.2024 | 415110003 Roads-Tarred | PMSGY ( ഇംപ്ലിമെ യൂണിറ്റ് |
| | | 5,00,000 | 42402090/ 04.12.2024 | | |
| 2 | 51/25 - സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 3,44,152 | 42401265/ 21.12.2024 | 415100001 Streetlights-Line Extension For Existing Street Lights | KSEB |
| | | 55,848 | 42401669/13.03.2025 | | |
| 3 | 148/25 -വൈദ്യുത പോസ്റ്റുകൾ സ്ഥാപിച്ച് സ്ട്രീറ്റ് മെയിൻ വലിക്കൽ | 88,374 | 42401568/ 28.02.2025 | 415100001 Street Lights-Line Extension For Existing Street Lights | |
| | | 1,03,270 | 42401677/17.03.2025 | | |
| | | 22,722 | 42401569/28.02.2025 | | |
| | | 11,662 | 42401654/12.03.2025 | | |
| 4 | 345/25 -ഇലക്ട്രിക് പോസ്റ്റ് മാറ്റി വെയ്ക്കൽ | 30,851 | 42401743/25.03.2025 | 251200001 Electric Line-Post Re-Arrangement | |
| | | 32,084 | 42401740/25.03.2025 | | |
| | | 33,018 | 42401742/25.03.2025 | | |
| 5 | 291/25 - പകൽവീട് കുടിവെള്ള പദ്ധതി | 5,790 | 42401277/23.12.2024 | 220800199 Other Administrative Expenses | Ground Wa Department |
| | | 1,935 | 42401645/12.03.2025 | | |
| | | 1,23,000 | 42401741/25.03.2025 | 414120005 Public Drinking Water | |

| | | | | Programmes-<br>Pump House | |
|---|---|---|---|---|---|

2. 2024-25 വർഷത്തിൽ മരുന്ന് വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഹോമി ഓപ്പറേറ്റീവ് ഫർമസി എന്ന സ്ഥാപനത്തിന് തുക മുൻകൂർ കൈമാറി മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ രേ സാധനങ്ങൾ ലഭിക്കുമ്പോൾ മാത്രം ആയത് ചെലവായി ക്രമീകരിക്കുക പകരം മുൻകൂർ നൽകിയ തുക ചെലവ് ശീർഷകത്തിലാണ് രേഖപ്പെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പരും പേരും | തുക | വൗച്ചർ നമ്പർ / തീയതി | ചെലവ് ബുക്ക് ചെയ്ത ശീർഷക |
|---|---|---|---|---|
| 1 | 140/25 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 3,00,000 | 42401942 /22.02.2025 | 251110208 Medical Institution-Homoeo-Purchase Of Medcines In Health Institutions |

തുക മുൻകൂറായി നല്കിയിട്ടുള്ളതിനാലും 31.3.2025 ൽ വിനിയോഗസാക്ഷ്യ പൂർണമായി ലഭ്യമായിട്ടില്ലാത്തതിനാലും മുൻകൂർ നല്കിയത് നിരീക്ഷിക്ക "ക്രമീകരിക്കാനവശേഷിയ്ക്കുന്ന മുൻകൂർ-460500----" എന്ന ശീർഷക ചെയ്യേണ്ടിയിരുന്നതെങ്കിലും തുക തെറ്റായി റെവന്യൂ ചെലവ് ശ രേഖപ്പെടുത്തിയിരിക്കുന്നത്. 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ ചട്ടം 16(3) പ്രകാരം നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് ചെലവ് സംബന തൊട്ടടുത്ത മാസം ലഭ്യമാക്കി പഞ്ചായത്തിലെ അക്കൗണ്ട്സ് വിഭാഗം ചെല കൃത്യമാക്കാത്തതാണ് ഇതിന് കാരണം. നിർവ്വഹണോദ്യോഗസ്ഥൻ ഏതു വിനിയോഗിച്ചുവെന്ന വിവരങ്ങൾ പഞ്ചായത്തിലെ അക്കൗണ്ട്സ് ലഭ്യമാക്കേണ്ടതും അക്കൗണ്ട്സ് വിഭാഗം ഈ ചെലവുകൾ ഉചിതമായ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-1-2 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 17,97,87,731 |
| ആകെ ചെലവ് (B) | | 21,02,17,806 |
| മിച്ചം തുക C= A-B | | (-)3,04,30,075 |
| Prior Period Income (I-19) | (-)5,32,578 | |
| Prior Period Expenditure (I-18) | 5,59,702 | |
| Net Difference Between Prior Period Income And Expenses ( D ) | | (-)10,92,280 |

| | | |
|---|---|---|
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | | (-)3,15,22,355 |

എന്നാൽ വാർഷിക കണക്കിൽ D എന്നത് 5,32,578 -5,59,702 = (-)27,124 എന്ന് ഫോർമുല പ്രകാരം (E) =C-D എന്ന് ചേർത്തിട്ടുള്ളതിനാൽ E എന്നത് (-)3, (-)27,124 കുറച്ചപ്പോൾ ലഭിച്ച (-)3,04,02,951 രൂപയാണ് Income And Expenditu തുകയായി ചേർത്തിട്ടുള്ളത്.

*(കുറിപ്പ്- Income And Expenditure Account ൽ Expenditure ശീർഷകത്ത് ചെലവുകളോടൊപ്പം 190000000- Prior Period Income എന്ന ശീർഷകത്തി ചേർത്തിട്ടുണ്ട്. എന്നാൽ ആയത് ആകെ ചെലവ് തുകയിൽ കണക്കാക്കിയി

## 1-1-3 ഇൻവെസ്റ്റ്മെന്റ് ശീർഷകത്തിൽ അധിക നീക്കിയിരി

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12 പ്രകാരം 420800199- Other Investments എന്ന 21,600 രൂപ നീക്കിയിരിപ്പുണ്ട്. മേൽ ശീർഷകത്തിലെ 31.03.2024 ലെ നീ രൂപയായിരുന്നു. 31.03.2024-ലെ പ്രസ്തുത നീക്കിയിരിപ്പിൽ പി.പി. ദേവസ എൻഡോവ്മെന്റ്, പി.കെ. ബാലകൃഷ്ണൻ റിട്ടയർമെന്റ് സ്മാരക എൻഡോ എൻഡോവ്മെന്റുകളുടെ തുകയായ 7,800 രൂപ ഉൾപ്പെട്ടിട്ടുണ്ട്. 2023-24 ഓഡി 2 ൽ എൻഡോവ്മെന്റ് തുക സ്ഥാപനത്തിന്റെ നിക്ഷേപം മാത്രമായി കണ എന്ന് പരാമർശിച്ചതിനെ തുടർന്ന് 42402365/31.03.2025 എന്ന ജേണൽ എൻഡോവ്മെന്റ് തുകയായ 7,800 രൂപ 420800199 എന്ന ശീർഷകത്തിൽ ഡെ 311710101-Endowments എന്ന ശീർഷകത്തിൽ ക്രഡിറ്റ് ചെയ്യുകയും ചെയ്തതിനാ 21,600 രൂപ നീക്കിയിരിപ്പ് വന്നത്. മേൽ ഇടപാട് തെറ്റാണ്. ആയതിനാൽ 20 വർഷത്തിൽ ചുവടെ ചേർത്ത പ്രകാരം ജേണൽ എൻട്രി രേഖപ്പെടുത്തി നിക്ഷേപം ക്രമീകരിക്കേണ്ടതാണ്.

1. 42402365/31.03.2025 എന്ന ജേണൽ എൻട്രി, റിവേഴ്സ് എൻട്രി ചെയ്ത് റദ്ദാക്കുക.
2. Prior Period Income എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ 7,8 ചെയ്യുകയും 311710101-Endowments എന്ന ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയു

## 1-1-4 ലഭ്യത സംശയാസ്പദമായ തുകയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ 3691 രൂ എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തി സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തി. 26.07.2011, കേരള പഞ്ചായത്ത് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയ

## 1-1-5 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽ കൂട്ടിയി

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ പ്രകാരം മൂന്ന് വർഷ ഡെപ്പോസിറ്റ് തുകകളിൽ ക്രമീകരിക്കാതെ അവശേഷിക്കുന്നവയുടെ ചേർക്കുന്നു.

| ശീർഷകം | ഇനം | 2021-22 | 2020-21 | 2019-20 | 2018 |
|---|---|---|---|---|---|
| 340100101 | Contractors EMD | 22,536 | -- | 1,000 | 25,4 |
| 340100102 | Suppliers EMD | -- | 7,500 | -- | 7,50 |
| 340100201 | Contractors SD | 22,403 | 19,500 | -- | 17,5 |

| | | | | | |
|---|---|---|---|---|---|
| 340100202 | Suppliers Security Deposit | -- | 7,500 | 4,550 | 6,54 |
| 340100301 | Contractors Retention | 21,130 | 35,164 | -- | 27,0 |
| 340100103 | Bidders EMD | 16,346 | -- | 1,500 | ---- |
| 340100303 | Election Deposit | -- | 2,600 | -- | -- |

Other Deposit ഇനത്തിൽ 2020-21 മുതൽ നീക്കിയിരിപ്പുള്ള 6,320 രൂപ 19.11.2 ഇല്ലാതെ ബാങ്കിൽ ക്രഡിറ്റ് ചെയ്ത തുകയാണെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തി കേരള ഫിനാൽഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282 പ്രകാരം ത കാലയളവിനുശേഷം മൂന്ന് വർഷത്തിലധികം അവകാശപ്പെടാത്ത പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുണ്ട്. മുകളിൽ ഡെപ്പോസിറ്റുകൾ പരിശോധിച്ച് കാലഹരണപ്പെട്ട ഡെപ്പോസ തനതുഫണ്ടിലേക്ക് മുതൽ കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-1-6 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും ര നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാര നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ തുകകൾ ചെലവഴിക്കാൻ 31.03.25-ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി ബാങ്ക് അക്കൗണ്ടുകളുടെ 31.03.25-ലെ നീക്കിയിരിപ്പ് തുകകളും തു അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 | | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തു |
| 1 | 320200104 | CFC Basic Grant | 12,07,439 | 450240161 | Union Bank Of India 565102010025321 | 83,8 |
| | 320200113 | CFC Tied Grant | 68,10,415 | | | |
| | | ആകെ | 80,17,854 | | | |

2025-26 സാമ്പത്തിക വർഷത്തിൽ മേൽ പരാമർശിച്ച അക്കൗണ്ടുകളി തുകകളും അതിനോടനുബന്ധിച്ച ബാധ്യത ശീർഷകത്തിലെ ചെലവഴിക്ക തുകയും തുല്യമായി ക്രമീകരിക്കേണ്ടതാണ്.

## 1-1-7 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാ പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യ ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increasee In Cash ആയി രേഖപ്പെടുത്തിയിരിക്കുന്നത് 21,63,069 രൂപയാണ്. എന്നാൽ ഇതേ പ കാലയളവിൽ "Net Cash Generated By Operating+Investing+Financing രേഖപ്പെടുത്തിയിരിക്കുന്നത് (-)1,85,49,158 രൂപയാണ്. അംഗീകരിക്കപ്പെ സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്ക സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-8 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളു വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, നോട്ട്സ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ (എഫ്)).

## 1-1-9 ജേർണൽ വൗച്ചറുകൾ സംബന്ധിച്ച അപാകങ്ങൾ

1. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് ഡിമാന് രേഖപ്പെടുത്തുന്നില്ല.

2024-25 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലു പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ് അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്ര ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതാണ് (കേരള പഞ്ചായത്ത് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇള എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ ഗ്രാമപഞ്ചായ വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി-നികുതിയേതര ലെഡ്ജർ പരിശോധിച്ചതിൽ നിന്നും മേൽ പ്രകാരം സെക്രട്ട പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്ക തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. ഈ ഡിമാന്റ് എൻട്രികൾക്ക് വൗച്ചറുകളും ഇല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വരുമാന ശീർഷകം | ജേണൽ വൗച്ചർ നമ്പർ/തീയതി | ഒറ്റത്തവണയായി/രണ്ട് തവണയായി ഡിമാ രേഖപ്പെടുത്തിയ തുക |
|---|---|---|
| 110100101-Property Tax On Residential Buiding | 42402196/31.3.2025 | 36,4 |
| 110100102-Property Tax On Non Residential Buiding | 42302197/31.3.2025 | 22,6 |
| 140110101-Licence Fees For Factories, Traders, Entepreneuors And Other Services | 42402290/31.3.2025 | 3,3 |
| 110200105-Profession Tax- Traders | 42402291/31.3.2025 | 6,9 |
| 110200101-Profession Tax-Institutions | 42402290/31.3.2025 | 1,0 |

2. “190000000-Prior Period Income” -അംഗീകരിക്കപ്പെട്ട വൗച്ചറുകളോ സൂക്ഷിച്ചിട്ടില്ല

A) തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരി 3,19,166 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്

Period Income-Property Tax" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം ര
സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇ
വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെട
അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വ
നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്ക
വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വ
വിവരങ്ങൾ ചുവടെ ചേർക്കുന്നു.

റെസിഡൻഷ്യൽ

| ക്രമ നമ്പർ | ജേണൽ വൗച്ചർ | തിയ്യതി | തുക |
|---|---|---|---|
| 1 | 42402210 | 31.3.2025 | 2,31,337 |

നോൺ-റെസിഡൻഷ്യൽ

| ക്ര.ന | ജേണൽ വൗച്ചർ | തിയ്യതി | തുക |
|---|---|---|---|
| 2 | 42402211 | 31.3.2025 | 3,32,109 |

B) ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18, ഐ-19) പ്രകാരം "1
Income" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ
മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കു
തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖ
പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. അ
ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസ
കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-19) | 31.03.2025-ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101 -Prior Period Income-Property Tax | (-)5,37,800 |
| 190200401- Prior Period Income - Other Incomes | (-)12,178 |

3. ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖ
കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാ
ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്
ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ര
സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ ര
സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാ
എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ര
സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സൂക്ഷിക്കേ

## 1-1-10 വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷിക പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന
വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31.03.2025-ൽ
അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോ
ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

| ക്രമ നമ്പർ | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 | സഞ്ചയ സോഫ്റ്റ്വെയർ |
|---|---|---|---|

| | | പ്രകാരമുള്ള തുകകൾ | പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues - Property Tax On Residential Building | 3,779 | 8,812 |
| 2 | 350410104-Advance Collection Of Revenues - Property Tax On Non-Residential Building | 26,186 | 53,875 |

## 1-1-11 ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്ക സാധിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ ‹ സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കു‹ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-2 ബജറ്റ്.

| | | | |
|---|---|---|---|
| ബജറ്റ് പാസാക്കിയ തിയതി കമ്മിറ്റി തീരുമാനം/ | | | 07.02.2024 തീരുമാനം (1) |
| പ്രതീക്ഷിത വരവ് /ചെലവ് എന്നിവ | | വരവ് | ചെലവ് |
| | | 30,57,55,499 | 30,00,82,500 |
| റിവൈസ്ഡ് ബഡ്ജറ്റ് പാസാക്കിയ തിയതി കമ്മിറ്റി തീരുമാനം/ | 20.02.2025 2(1) | 29,73,49,404 | 27,97,25,048 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി‹ ലാപ്സായ‹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 2,22,27,480 | 2,22,27,480 | 2,22,27,480 | |
| വികസന ഫണ്ട്-എസ്.സി.പി | 0 | 42,86,000 | 42,86,000 | 42,86,000 | |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 56,31,000 | 56,31,000 | 45,17,482 | 1 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് | | 0 | 1,59,20,000 | 1,59,20,000 | 1,23,73,316 | 3 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ബേസിക് | | 4,16,405 | 39,37,176 | 43,53,581 | 31,46,142 | 1 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് | ബാങ്ക് | 12,36,591 | 84,27,500 | 96,64,091 | 28,53,676 | 6 |
| | ട്രഷറി | 0 | 48,874 | 48,874 | 35,042 | |
| Other Shemes | | 81,070 | 84,000 | 1,65,070 | 1,63,471 | |
| Health Grant Towards Support For Diagnostic InfraStructure To The PHCs | | 13,670 | 3,96,103 | 4,09,773 | 93,448 | |
| Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres | | 7,024 | 6,28,900 | 6,35,924 | 0 | |
| Health Grant Towards Buildingless Subcentres, PHCs And CHCs | | 28,05,500 | 93,367 | 28,98,867 | 3,86,029 | 2 |
| NHM | | 200 | 0 | 200 | 0 | |
| RURAL HOUSING FOR ALL- LIFE State Share | | 5,00,000 | 18,00,000 | 23,00,000 | 18,00,000 | |
| ജലനിധി | | 16,87,806 | 17,82,635 | 34,70,441 | 17,35,221 | 1 |

വികസന ഫണ്ട്-ജനറൽ മൂന്നാം ഗഡുവിൽ നിന്നും സ.ഉ(അ)179/22/ധന തീ. പത്ത് ശതമാനം (2,24,520 രൂപ) തുക കുറവ് ചെയ്തിട്ടുണ്ട്. സ്ഥാപനത്തിൽ നി ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ മേൽ തുക ഉൾപ്പെടെയാണ് വരവ് കാണിച്ചിട്ട വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്- എസ്.സി.പി. എന്നീയിന വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉ മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കു ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ബേസിക്, സെൻട്രൽ ഫിനാൻസ് കമ്മീഷ എന്നിവയുടെ വരവിൽ പലിശയും ചെലവിൽ ബാങ്ക് ചാർജ്ജും ഉൾപ്പെ ധനകാര്യ പത്രിക പ്രകാരമാണ് ഫണ്ടുകളുടെ വിവരം മേ ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം |
|---|---|---|---|---|
| 282 | 19,18,72,253 | 147 | 7,80,06,099 | 40.66 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ന |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 16,09,923 | 16,09,923 | 16,05,017 | |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 1,27,94,615 | 1,27,94,615 | 1,27,94,615 | |
| മെറ്റിരീയൽ കോസ്റ്റ് (Assets) | | 84,70,188.22 | 84,70,188.22 | 84,70,188.22 | |
| ആകെ | | 2,28,74,726.22 | 2,28,74,726.22 | 2,28,69,820.22 | |

## 1-6 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളു എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 44,29,600 | |
| വിധവാ പെൻഷൻ | 1,81,28,500 | |
| വാർദ്ധക്യകാല പെൻഷൻ | 4,33,18,200 | |
| വികലാംഗ പെൻഷൻ | 46,04,200 | |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീക്കുള്ള പെൻഷൻ | 21,78,000 | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30,000 | |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള പരിശോധന 07.07.2025 തീയതിയിൽ 03.40 PM-ന് സ്ഥാപന തലവന്റെ നടത്തുകയുണ്ടായി. പരിശോധനയിൽ 10,807 രൂപ ക്യാഷ് ബാലൻ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 കളക്ഷൻ തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വ

തനത് ഫണ്ടിനത്തിൽ ക്യാഷായി 06.05.2025 തീയതിയിൽ വരവ് വന്ന ക
27,486 രൂപ 07.05.2025 തിയതിയിൽ ചിറ്റാട്ടുകര സർവ്വീസ് കോ-ഓപ്പ
അടവാക്കിയതിന്റെ ചലാൻ (നം.716793) ഹാജരാക്കിയിട്ടുണ്ട്. എന്നാൽ, ഇ
പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ (A/C No.10210002000 2595)
പകരം പഞ്ചായത്തിന്റേതല്ലാത്ത മറ്റൊരു അക്കൗണ്ടിലാണ് (A/C No.10210
പ്രകാരം അടവാക്കിയിട്ടുള്ളത്. ആയതിന്റെ കാരണം വിശദമാക്കാനാ
നൽകിയ ഓഡിറ്റ് എൻക്വയറി (22/14.7.25 ) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.
രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 ചട്ടം 26(2), 26(3) പ്രകാരം പണം കൈ
ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ പണം ലഭിച്ച ദിവസമോ തൊട്ടടുത്ത പ്രവ
ബാങ്കിൽ ഒടുക്കിയിട്ടുണ്ടന്ന കാര്യം ഉറപ്പ് വരുത്തേണ്ടതും ബാങ്ക് സ്റ്റേറ്റ
മാസാന്ത്യത്തിലും ശേഖരിച്ച് ലഭിച്ച തുകകൾ പൂർണ്ണമായി ബാ
ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും അക്കൗണ്ടന്റിന്റെ ചുമ
ഒടുക്കിയതിൽ തകരാറുണ്ടെങ്കിൽ ആയത് ഉടൻ തന്നെ സെക്രട്ടറി
പെടുത്തേണ്ടതുമാണ്. എന്നാൽ ചട്ട പ്രകാരമുള്ള മേൽ നടപടി ക്രമങ്
കാണുന്നില്ല. തുക ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരു
വരുത്തിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി ന
വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. തുക തെറ്റായി അടവാക്കിയ
വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും തിരികെ പഞ്ചായത്തിന്റെ അക്കൗണ
വിവരം അറിയിക്കേണ്ടതുമാണ്.

## 1-10 പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ടർഫിൽ നി നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെ
ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിനോ എണ്ണത്തിനോ 01.04.2023 മുതൽ ബാധക
വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പ
വർഷവും നിരക്കുകളിൽ വരുത്തേണ്ട വർദ്ധനവിന്റെ ശതമാനവു
25/2023/LSGD തിയതി.05.04.2023 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ടി ഉത്തരവ്
സ്വഭാവത്തോട് കൂടിയ ടർഫുകൾക്ക് ഒരു ചതുരശ്ര മീറ്ററിന് 25 രൂപ മുതൽ
നിരക്കുകൾ പഞ്ചായത്തിന് ചുമത്താവുന്നതാണ്. ഇതിന്റെ അടിസ്ഥാ
തീയതിയിലെ പഞ്ചായത്ത് ഭരണ സമിതി യോഗം 2(1) ആം നമ്പർ ത
ടർഫുകൾക്ക് (വാണിജ്യ സ്വഭാവത്തോട് കൂടിയവ) അടിസ്ഥാന വസ്തു നി
ചതുരശ്ര മീറ്ററിന് 40 രൂപ എന്ന് നിശ്ചയിച്ചിട്ടുണ്ട്.

എളവള്ളി പഞ്ചായത്തിൽ വാർഡ് 12 (കട്ടേരി) ൽ പ്രവർത്തിക്കുന്ന ടർഫ്
നൽകി വസ്തു നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതുമായി ബന്ധ
ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/8.07.25) ടർഫ്
വിനിയോഗ ഗണത്തിൽ ഉൾപ്പെടുത്തേണ്ടതെന്ന അവ്യക്തത നില
വസ്തുനികുതി നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല എന്നാണ് മറുപടി ലഭ്യമാ
ടർഫുകൾക്ക് (വാണിജ്യ സ്വഭാവത്തോട് കൂടിയവ) അടിസ്ഥാന വസ്തു നി
ചതുരശ്ര മീറ്ററിന് 40 രൂപ എന്ന് നിശ്ചയിച്ച ഗണത്തിൽ ഉൾപ്പെടു
പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ടർഫുകളെയും വീണിജ്യസ്വഭാവത്തോ
ഗണത്തിൽ ഉൾപ്പെടുത്തി കെട്ടിട നമ്പർ നൽകി വസ്തു നികുതി കു
ഡിമാൻഡ് ചെയ്ത് ഈടാക്കി ആയതിന്റെ രേഖകൾ സഹിതം വി
അറിയിക്കേണ്ടതാണ്.

## 1-11 പരിഷ്കരിച്ച നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയിട്ട

തദ്ദേശ സ്വയംഭരണവകുപ്പ് 27.06.2024 തീയതിയിൽ സ.ഉ.(സാധാ)നം. 114 ഉത്തരവിലൂടെ ആറാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരം പ തൊഴിൽ നികുതി സ്ലാബുകൾ പരിഷ്കരിച്ചിരുന്നു. പരിഷ്കരിച്ച തെ നിരക്കുകൾക്ക് 2024 രണ്ടാം അർദ്ധ വർഷം ആരംഭിക്കുന്ന ഒക്ടോ പ്രാബല്യം.

2024-25 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 600 ലൈസൻസ് അനുവദിക്കുകയും സ്ഥാപന തൊഴിൽ നികുതി ഈടാക്കു 2023-24 സാമ്പത്തിക വർഷത്തിൽ 300, 450, 600 എന്നീ നിരക്കുകളിൽ ഈടാക്കിയിരുന്ന സ്ഥാപന ഉടമകളിൽ നിന്നും 2024-25 സാമ്പത്തിക വർ നിരക്കിൽ തന്നെയാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. രണ്ടാം അ നടപ്പിലാക്കേണ്ടിയിരുന്ന പരിഷ്കരണത്തിന്റെ ഭാഗമായുള്ള വർദ്ധിച്ച നിര സ്ഥാപന ഉടമകളിൽ നിന്നും ഈടാക്കിയിട്ടില്ല. കൂടാതെ 1996-ലെ കേരള (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരമുള്ള നികുതിയോ, ചട്ടം ടേൺ ഓവറിനെ അടിസ്ഥാനപ്പെടുത്തിയോ നികുതി ഈടാക്കാമെന്നുള നികുതി സ്ലാബ് നിശ്ചയിക്കുന്നതിനുള്ള വരുമാനം സംബന്ധിച്ച് രേഖക ലഭ്യമാക്കിയിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറ ക്കുള്ള മറുപടിയിൽ വരുമാനം സംബന്ധിച്ച രേഖകൾ ട്രെഡ്ഷെിൽ നിന്നും നിശ്ചയിച്ചതിൽ അപാകം ഉണ്ടെങ്കിൽ തൊഴിൽ നികുതിയിൽ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

മുൻ വർഷങ്ങളിൽ ഈടാക്കിയിട്ടുള്ള നികുതി നിരക്ക് തുടർ വർഷങ്ങ പ്രവണതയാണ് നിലനിൽക്കുന്നത്. വരുമാനം വ്യക്തമാക്കുന്ന രേഖകൾ സ്ഥ നിന്നും ലഭ്യമാക്കി തൊഴിൽ നികുതി പരിഷ്കരണം നടപ്പിലാക്കി കൊണ്ട് ന ഉറപ്പു വരുത്തേണ്ടതാണ്.

## 1-12 കള്ളുഷാപ്പുകളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി

കള്ളുഷാപ്പുകളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതിയും ജീവനക്ക നികുതിയും ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ, സ്ഥലം | കള്ളുഷാപ്പ് നം | സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1 | 16, കാക്കശ്ശേരി | 7 | 2,500 (1,250x2) |
| 2 | 13, പുവത്തൂർ | 8 | 2,500 (1,250x2) |
| 3 | 11, താമരപ്പിള്ളി | 9 | 2,500 (1,250x2) |
| 4 | 12, കൂമ്പുള്ളി | 10 | 2,500 (1,250x2) |
| 5 | 5, പറക്കാട് | 19 | 2,500 (1,250x2) |
| 6 | 4, കടവല്ലൂർ | 20 | 2,500 (1,250x2) |
| 7 | 10, പണ്ടാറക്കാട് | 21 | 2,500 (1,250x2) |
| 8 | 1, ചിറ്റാട്ടുകര | 22 | 2,500 (1,250x2) |
| 9 | 2, ചിറ്റാട്ടുകര അങ്ങാടി | 23 | 2,500 (1,250x2) |

| | | | |
|---|---|---|---|
| 10 | 9,എളവള്ളി പാറ | 24 | 2,500 (1,250x2) |
| ആകെ | | | 25,000 |

മേൽ കള്ളുഷാപ്പുകളിൽ ജോലി ചെയ്യുന്ന താഴെ ചേർക്കുന്ന ജീവനക്കാരി
നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|
| 1 | പ്രമോദ് | 1,500 (750x2) |
| 2 | വിഷ്ണു | 1,500 (750x2) |
| 3 | തരുൺ | 1,500 (750x2) |
| 4 | ഷാജി | 1,500 (750x2) |
| 5 | ആദിത്യൻ | 1,500 (750x2) |
| 6 | മനേഷ് | 1,500 (750x2) |
| 7 | അജിത്ത് | 1,500 (750x2) |
| 8 | സുന്ദരൻ | 1,500 (750x2) |
| 9 | സുരേഷ് | 1,500 (750x2) |
| 10 | വിജേഷ് | 1,500 (750x2) |
| ആകെ | | 15,000 |

തൊഴിൽ നികുതി ഡി സി ബി രജിസ്റ്റർ പരിശോധിച്ചതിൽ 25,000 രൂപയുടെ
നടപടി സ്വീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനെ തുടർന്ന്
എൻക്വയറി (നമ്പർ 8/08.07.25) ക്കുള്ള മറുപടി പ്രകാരം ലഭ്യമാക്കിയ വിവര
ചേർത്തിട്ടുള്ളത്.

കള്ളുഷാപ്പുകളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതിയും ജീവനക്ക
നികുതിയും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 കടമുറികളുടെ വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്

വനിതാ വ്യവസായ എസ്റ്റേറ്റ്, പൂവത്തൂർ ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ല
എന്നിവടങ്ങളിലായി യഥാക്രമം 9, 12, 5 എന്നിങ്ങനെ 26 കടമുറികൾ ഗ്രാമ
കൂടാതെ ഒരു ATM Counter ഉം വാടകക്ക് പ്രവർത്തിക്കുന്നു.

താഴെക്കൊടുത്തിരിക്കുന്ന തുകകൾ 2024-25 വർഷത്തിൽ കടമുറ
കുടിശ്ശികയായി വന്നിട്ടുള്ളതാണ്.

| ക്രമ നമ്പർ | വാടകക്കാരുടെ പേര് | മുൻവർഷങ്ങളിലെ കുടിശ്ശിക | 2024-25 വർഷ കുടിശ്ശി |
|---|---|---|---|
| 1 | അഭിനി ശശി (RRC-2021/927/08 Dtd. 24.3.2021) | 63,536 | |
| 2 | അമീർ ഹസൻ (RRC 2021/80/08 Dated 11.01.2021) | 48,900 | |

| | | | |
|---|---|---|---|
| 3 | ഫവാസ് (RRC 2022/3580/08 Dtd 31.03.2022) | 62,755 | |
| 4 | അഭിലാഷ് (RRC 2025/4849/08 Dtd 31.03.2025) | | 22,2 |
| 5 | ഷിഹാബുദീൻ (RRC 2025/4861/08 Dtd 31.03.2025) | | 64 |
| 6 | ഹാരിസ്(RRC 2025/4855/08 Dtd 31.03.2025) | | 8 |
| | | 1,75,191 | 2,94 |
| | ആകെ | | 4,70 |

കുടിശ്ശിക തുകയായ 4,70,167 രൂപ ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ന എൻക്വയറിക്ക് (നമ്പർ 10/08.07.25) നിലവിൽ കുടിശ്ശിക ഈടാക്കുന്നതിന സ്വീകരിച്ചിട്ടുണ്ടെന്നും 2024-25 വർഷത്തെ ശ്രീ. ഹാരിസിന്റെ കുടിശ്ശിക തിയ്യതിയിൽ അടവാക്കിയിട്ടുണ്ടെന്നും ബാക്കി കുടിശ്ശിക തുക നടപടികൾ സ്വീകരിക്കാമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി കുട 4,62,040 രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 വസ്തു നികുതി പരിഷ്കരണ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നത് വരുമാന നഷ്ടത്തിനിടയാക്കുന്നു

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിന പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023-ലെ സ.ഉ. ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂട്ടിച്ചേർക്കലുകൾ മാറ്റങ്ങൾ, സഞ്ചയ സോഫ്റ്റ്‌വെയറിലെ കാലികമല്ലാത്ത വിവര കാരണങ്ങളാൽ നികുതി നിർണ്ണയത്തിന് അടിസ്ഥാനമാക്കിയ വിവര വ്യത്യസ്തമാണ് പല കെട്ടിടങ്ങളുടെയും നിലവിലെ അവസ്ഥയെന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഫീൽഡ് പരിശോധന നടത്തി മാറ്റം വന്ന വിവരം സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യുന്നതിനും ഈ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്ത നിർണ്ണയിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കെട്ടിടങ്ങളുടെ പരിഷ്ക്കരിക്കുന്നതിന് വേണ്ടി പഞ്ചായത്തിൽ ഇതുവരെ സ്വീകരിച്ച ന വിവരവും പുരോഗതി വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ന എൻക്വയറിക്ക് (നമ്പർ 9/08.07.25) ഫീൽഡ് പരിശോധനയ്ക്ക് അക്രഡിറ്റ സെന്റർ ഫോർ സോഷ്യൽ റിസോഴ്സ് ഡെവലപ്പ്മെന്റിനെ ഏൽപ്പിച്ചിട്ട വാർഡുകളുടേയും വീടുകളുടെ സർവ്വേ പൂർത്തീകരണ ഘട്ടത്തില അറിയിച്ചിട്ടുള്ളത്. കൂടാതെ വസ്തുനികുതി പരിഷ്കരണത്തിനുള സോഫ്റ്റ്‌വെയറിൽ ലഭ്യമാകുന്ന മുറയ്ക്ക് സമയബന്ധിതമായി നിക നടപടികൾ പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 വാഹനപരിപാലനം -അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും പാലിയേറ്റീവ്, ബ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ KL 46 Z 2492 വാഹനത്തിന്റെ ( ലോഗ് ബുക്ക് പരിശോധനയിൽ കണ്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1) വാഹനത്തിന്റെ ഇന്ധന ഉപയോഗത്തെ കുറിച്ചുള്ള പ്രതിമാസ സ
സൂക്ഷിക്കുന്നില്ല.

2) വാഹനം യാത്ര തുടങ്ങുന്ന സമയമോ യാത്ര അവസാനിക്കുന്ന സമയമോ
കിലോമീറ്റർ റീഡിങ്ങോ എത്ര കിലോമീറ്റർ യാത്ര ചെയ്തെന്നോ
രേഖപ്പെടുത്തുന്നില്ല.

3) ചുമതലയുള്ള ഉദ്യോഗസ്ഥൻ ലോഗ് ബുക്ക് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) വാഹനത്തിൽ ഇന്ധനം നിറക്കുന്നത് ലോഗ് ബുക്കിൽ രേഖപ്പെടുത്തിയ
ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ ഇന്ധനം നിറക്കുന്ന സ
മീറ്റർ റീഡിങ്ങ് രേഖപ്പെടുത്തുന്നില്ല.

5) 2025 ഫെബ്രുവരി, മാർച്ച് മാർച്ച് മാസങ്ങളിലെ യാത്രകൾ ചുമതലയു
സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6) റിപ്പയർ രജിസ്റ്റർ, ഫ്യുവൽ രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻ
11/08.07.25) മറുപടി ലഭ്യമാക്കിയില്ല.

ലോഗ്ബുക്ക് രേഖപ്പെടുത്തലുകൾ നടത്തി മറ്റ് രജിസ്റ്ററുകൾ സഹിതം
ഹാജരാക്കേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങ
സംബന്ധിച്ച സ.ഉ.(എം.എസ്)നം.170/07/ത.സ്വ.ഭ.വ., തീയതി.30.06.2007 ഉ
സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും മേൽ
വാഹനത്തിന്റെ കസ്റ്റോഡിയനായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയ
സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-16 പദ്ധതി മോണിട്ടറിംഗ്- യാത്രാചെലവുകൾക്കായി നിർവ്വ ഉദ്യോഗസ്ഥൻ ചെലവഴിച്ച തുക തിരിച്ചടച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ, ഗവ. എൽ.പി.സ്കൂൾ

പദ്ധതിയുടെ പേര് - കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം (സ്പിൽ ഓവർ)

പദ്ധതി നമ്പർ - 165/25

അടങ്കൽ - 38,000

ഫണ്ട് - വികസനഫണ്ട് (പൊതുവിഭാഗം)

ചെലവ് - 38,000

മേൽ വിശദാംശങ്ങളോടുകൂടിയ പദ്ധതിയിൽ 1,500 രൂപ 'ഫുട്ബോൾ പരി
മോണിട്ടറിംഗ് നടത്തിയതിനുള്ള യാത്രാചെലവുകൾക്കായി നിർവ്വഹ
16.05.24-ന് കൈപ്പറ്റിയതായി കാണുന്നു (സബ് വൗച്ചർ 4/16.05.2
പഞ്ചവത്സരപദ്ധതിയുടെ മാർഗ്ഗരേഖ സ.ഉ.(കൈ) നം. 84/2022/ത.സ്വ.ഭ.വ., ത
പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് വർക്കിംഗ് ഗ്രൂപ്പുകളുടേയോ,
ഉപസമിതിയുടേയോ ചുമതലയാണ്. നിർവ്വഹണഉദ്യോഗസ്ഥൻ ഈ ആവശ
തുക ചെലവഴിച്ചത് ശരിയല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ്
ലഭ്യമാക്കിയ മറുപടിയിൽ 1,500 രൂപ തിരികെ അടവാക്കി രേഖ ഹാജരാക്ക
നം.R-G08070125002111/08.07.2025). പദ്ധതി മോണിട്ടറിംഗ് യാത്രാചെലവുകൾക്ക
ഉദ്യോഗസ്ഥർ തുക ചെലവു ചെയ്യുന്നില്ല എന്ന് ഉറപ്പുവരുത്താ
സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നമ്പർ – 6/08.07.25

## 1-17 സമേതം പദ്ധതി - നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ, ഗവ. എൽ.പി.സ്കൂൾ

പദ്ധതിയുടെ പേര് - സമേതം- സമഗ്ര വിദ്യാഭ്യാസ പരിപാടി

പദ്ധതി നമ്പർ - 335/25

അടങ്കൽ - 92,000

ഫണ്ട് - വികസനഫണ്ട് (പൊതുവിഭാഗം)

ആകെ ചെലവ് - 92,000

പുരസ്കാര ചെലവ് - 12,000

വൗച്ചർ നമ്പർ - 42401977 തീ.07.03.2025

തൃശ്ശൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 27.01.25 ലെ DDETCR/7617/2024-H3 നമ്പർ 'സമേതം ജില്ലാ സമഗ്ര വിദ്യാഭ്യാസ പരിപാടി'യുടെ ഗ്രാമപഞ്ചായത്തു ആസൂത്രണം, സംഘാടനം, മോണിട്ടറിംഗ് എന്നിവ സംബന്ധ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഖ.3.1.4.1 പ്രകാരം ഗ്രാമപ വിദ്യാലയങ്ങളിൽ നിന്നും മികച്ച ശുചിത്വ- ആരോഗ്യ വിദ്യാലയത്തിന് അനുമോദിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തി ഗ്രാമപഞ്ചായത്തിലും സമേതം - സമഗ്ര വിദ്യാഭ്യാസപരിപാടി എന്ന പദ്ധ പുരസ്കാര വിതരണം നടത്തിയിട്ടുണ്ട്. മേൽ പരാമർശിച്ച ഉത്തരവിൽ ഇത നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1) ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ സമിതി (PEC) യുടെ യോഗത്തിൽ പരമാവ പരിശോധനാസംഘം രൂപീകരിക്കുകയും ഈ സംഘം പഞ്ചായ വിദ്യാലയങ്ങളിലെ ശുചിത്വം പരിശോധിച്ച് മികച്ച വിദ്യാലയ തദ്ദേശസ്വയംഭരണസ്ഥാപനതലത്തിൽ അവരെ അനുമോദിക്കുകയും വേ

2) വിദ്യാലയതല ശുചിത്വപരിശോധന, പുരസ്കാരങ്ങൾ നിശ്ചയിക്കൽ, എന്നിവക്കായി ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി 15,000 രൂപ ചെയ്യാവുന്നതാണ്. 5,000 രൂപ വരെ ശുചിത്വപരിശോധന യാത്ര, അതിന് റിഫ്രെഷ്മെന്റ് എന്നിവക്കും, 10,000 രൂപയോ ബാക്കിവരുന്ന അതി പുരസ്കാരവിതരണത്തിനും പ്രയോജനപ്പെടുത്തേണ്ടതാണ്.

എന്നാൽ, ഗ്രാമപഞ്ചായത്ത് തല പുരസ്കാരവിതരണത്തിൽ താഴെ പറയു കാണുന്നു.

എ) ശുചിത്വ പരിശോധനാ സംഘം രൂപീകരിച്ചിട്ടില്ല. ആയതിനാൽ, ശുചിത്വ പരിശോധന നടന്നിട്ടില്ല.

ബി) ഹരിതകേരളം മിഷൻ നൽകിയ 'ഹരിതവിദ്യാലയം' സാ അടിസ്ഥാനത്തിൽ ജി.എൽ.പി.എസ്, കാക്കശ്ശേരിയെ തിരഞ്ഞെടുക്കുകയു അവാർഡായി അനുവദിക്കുകയും ചെയ്തു. BIMS ൽ നിന്നുമുള്ള അക്നോള പ്രകാരം ഈ തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ സ്വകാര്യ അക്കൗണ്ടിലേ നമ്പർ - 0162053000005127, SIB) ട്രാൻസ്ഫർ ചെയ്തത്.

സി) മലബാർ അഗ്രോ സൂപ്പർമാർക്കറ്റ്, മനപ്പടി, പാവറട്ടി എന്ന സ്ഥാപനത രൂപയുടെ കടലാസ് പൂച്ചെടികൾ വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നമ്പർ - 91 ചെലവായ 12,000 രൂപയിൽ ഈ പൂച്ചെടികൾ വാങ്ങിയ തുകയും ഉൾപ്പെടു പ്രകാരം പൂച്ചെടികൾ വാങ്ങുന്നതിന് വ്യവസ്ഥയില്ല.

ഈ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വ
05/08.07.25) 08.07.25 ന് നൽകിയ മറുപടി പ്രകാരം, നിർവ്വഹണ ഉദ്യോഗ
ജി.എൽ.പി.എസ്., കാക്കശ്ശേരിയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും (അ
32280637847, എസ്.ബി.ഐ, പാവറട്ടി) ആയതിന്റെ അസ്സൽ രസീത് ഹാജരാ
മാർഗ്ഗരേഖക്ക് വിരുദ്ധമായി 3,000 രൂപക്ക് പൂച്ചെടികൾ വാങ്ങിയ ചെലവ് തട

## 1-18 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന
വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

1) 7/25 – ജില്ലാപഞ്ചായത്ത് പദ്ധതി വിഹിതം നൽകൽ- കാൻ തൃശ്ശൂർ

അടങ്കൽ -- 66,977വികസനഫണ്ട് (ജനറൽ)

ചെലവ് -- 66,977

വൗച്ചർ നം.-- 42402091/12.12.2024

2) 180/25 – ജില്ല പഞ്ചായത്ത് പദ്ധതി വിഹിതം നൽകൽ- കാൻ തൃശ്ശൂർ(സ്പിൽ

അടങ്കൽ -- 66,977വികസനഫണ്ട് (ജനറൽ)

ചെലവ് -- 41,323

വൗച്ചർ നം,-- 42401997/11.3.2025

3) 179/25 – ജില്ലാപഞ്ചായത്ത് പദ്ധതി വിഹിതം നൽകൽ- സമേതം

അടങ്കൽ -- 1,00,000 വികസനഫണ്ട് (ജനറൽ)

ചെലവ് -- 97,834

വൗച്ചർ നം.-- 42402068/15.10.2024

മേൽ സൂചിപ്പിച്ച മൂന്ന് പ്രോജക്റ്റുകളുടെയും വിനിയോഗസാക്ഷ്യപത്ര
ആയത് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-19 ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വിവിധ പദ്ധതികൾ നടപ്പാക്ക
കെ.എസ്.ഇ.ബി-ക്ക് മുൻകൂർ തുക നല്കിയിട്ടുണ്ട്. വിവരങ്ങൾ താഴെ നല്കുന്നു

| ക്രമ നമ്പർ | പ്രൊജക്ടിന്റെ പേരും നമ്പറും | നിർവ്വഹണോദ്യോഗസ്ഥൻ | മുൻകൂർ നല്കിയ തുക/ വൗച്ചർ നമ്പർ/ തീയതി | കൈമാറി നൽകിയ ഏജൻസി |
|---|---|---|---|---|
| 01 | സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ പ്രൊജക്ട് നം. 51/25 | സെക്രട്ടറി | ₹36,189<br>42402068/21.12.24<br>₹55,848<br>42401668/13.3.25<br>ആകെ ചെലവ് -92,037 | അസിസ്റ്റന്<br>എഞ്ചിനീ<br>കെ.എസ്.<br>കൂനംമൂച് |
| 02 | വൈദ്യുത പോസ്റ്റുകൾ | സെക്രട്ടറി | ₹88,374<br>42401568/28.2.25 | അസിസ്റ്റന്<br>എഞ്ചിനീ |

| | | | | |
|---|---|---|---|---|
| | സ്ഥാപിച്ച് സ്ട്രീറ്റ് മെയിൻ വലിക്കൽ<br>പ്രൊജക്ട് നം. 148/25 | | ₹1,03,270<br>42401677/17.3.25<br>₹11,662<br>42401651/12.3.25<br>₹22,722<br>42401559/28.2.25<br>ആകെ ചെലവ് 2,26,028 | കെ.എസ്.<br>കൂനംമൂച്ച്<br>അസിസ്റ്റന്<br>എഞ്ചിനീ<br>കെ.എസ്.<br>പാവറട്ടി<br>അസിസ്റ്റന്<br>എഞ്ചിനീ<br>കെ.എസ്.<br>പറപ്പൂർ |
| 3 | ഇലക്ട്രിക് പോസ്റ്റ് മാറ്റി വെയ്ക്കൽ<br>പ്രൊജക്ട് നം. 345/25 | സെക്രട്ടറി | ₹30,851<br>42401743/25.3.25<br>₹32,084<br>42401740/25.3.25<br>₹33,018<br>42401742/25.3.25<br>ആകെ ചെലവ് 95,953 | അസിസ്റ്റന്<br>എഞ്ചിനീ<br>കെ.എസ്.<br>കൂനംമൂച്ച്<br>അസിസ്റ്റന്<br>എഞ്ചിനീ<br>കെ.എസ്.<br>പാവറട്ടി |

മേൽ പട്ടികയിൽ പറയുന്ന പദ്ധതികളുടെ പൂർത്തീകരണ കെ.എസ്.ഇ.ബിയിൽ നിന്നും ലഭ്യമാക്കി ആയത് ഓഡിറ്റിന് ഹാജരാക്കേണ്ട (ഓഡിറ്റ് എൻക്വയറി നമ്പർ.16/10.7.2025)

## <u>1-20 പകൽവീട് കുടിവെള്ള പദ്ധതി- പൂർത്തീകരണവിവര നൽകേണ്ടതാണ്</u>

| | |
|---|---|
| പ്രൊജക്ട് നമ്പർ<br>പദ്ധതിയുടെ പേര് | 291/25<br>പകൽവീട് കുടിവെള്ള പദ്ധതി |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 2,00,000<br>CFC |
| ചെലവ് | ആകെ ചെലവഴിച്ച തുക 1,30,725<br>Vr.No.42401645/12.3.25/1,935<br>Vr.No.42401741/24.3.25/1,23,000<br>Vr.No.42401277/12.12.24/5,790 |

പകൽവീട് കുടിവെള്ള പദ്ധതിയ്ക്കായി മേൽ വൌച്ചറുകൾ പ്രകാ ഭൂജലവകുപ്പിന് നല്കിയിട്ടുള്ളതാണ്. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി മഴക്കാലം കഴിയുന്നതോടെ മാത്രമേ പ്രവൃത്തി പൂർത്തീകരിക്കാൻ സാധി ഭൂജലവകുപ്പിൽ നിന്നും അറിയിച്ചിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാ പൂർത്തീകരിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 ഹരിതകർമ്മസേനയ്ക്ക് വാഹനം- വിവരങ്ങൾ ലഭ്യമാ

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി

പദ്ധതി – 282/25 - ഹരിതകർമ്മസേനയ്ക്ക് വാഹനം

ഫണ്ട് - സി.എഫ്.സി-1,65,000, കേന്ദ്രാവിഷ്കൃത ഫണ്ട്-3,31,700

അടങ്കൽ -5,50,000

ചെലവ്-1,65,000 (42401625/10-3-2025)

എളവള്ളി ഗ്രാമപഞ്ചായത്ത് 2024-25 വാർഷിക പദ്ധതിയിലുൾപ്പെടു സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയ ഹരിത വാഹനം വാങ്ങൽ എന്ന പദ്ധതി പ്രകാരം ഇലക്ട്രിക്കൽ മുച്ചക്ര ഗുഡ്സ് വാഹ ശുചിത്വമിഷൻ വിഹിതം 3,85,000 രൂപയും സി എഫ് സി ടൈഡ് ഫണ്ട് വകയിരുത്തിയിരുന്നു. ജെം മുഖേന ക്ഷണിച്ചതിൽ കുറ്റൂക്കാരൻ ഗ്രീൻ എന്ന സ്ഥാപനത്തിന്റെ Ape Electric E Xtra Max എന്ന വാഹന അംഗീകരിച്ചിട്ടുള്ളതാണ്. സ്ഥാപനം സമർപ്പിച്ചിട്ടുള്ള 4,80,760 യുടെ പ്രൊ പ്രകാരം 1,65,000 രൂപ സ്ഥാപനത്തിന്റെ അക്കൌണ്ടിലേയ്ക്ക് 2025 കൈമാറിയിട്ടുള്ളതാണ്. 3,15,760 രൂപ ശുചിത്വമിഷൻ വിഹിതം ലഭിച്ചി വാഹനം ലഭ്യമായിട്ടുണ്ടോ എന്ന വിവരവും അറിയിക്കണമെന്ന് ആവശ്യ എൻകചയറിയ്ക്ക് (12/10.07.2025) സ്വച്ഛ്ഭാരത് മിഷൻ ഫണ്ടുകൾ അലേ അനുവദിച്ച് ട്രഷറി മുഖേന ബില്ല് മാറുന്ന SNA SPARSH എന്ന പുതിയ സംവ വരുന്നത് കൊണ്ടാണ് ഫണ്ട് ലഭിക്കുന്നതിന് കാലതാമസം നേ ശുചിത്വമിഷനിൽ നിന്ന് അറിയിച്ചതെന്നും നിലവിൽ 01.07.2025-ലെ 878/ നമ്പർ ഉത്തരവ് പ്രകാരം 3,15,760 രൂപയുടെ ഫണ്ട് ശുചിത്വമിഷൻ അനു ബിംസിൽ ബില്ല് തയ്യാറാക്കി ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളതാ ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-22 ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പരും, പേരും | 174/25, ലൈഫ് ഭവനനിർമ്മാണം- എസ്. സി- സംയുക്ത പദ്ധതി- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി. ഇ. ഒ |
